# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1416 — 14.6.2013-ൽ മറുപടിക്ക്

### മലിനജല ശുദ്ധീകരണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | കെ.എസ്.യു.ഡി.പി നടപ്പാക്കുന്ന മലിന ജല ശുദ്ധീകരണ പദ്ധതികൾ ഏതൊക്കെ നഗരസഭകളിലാണ് ഇപ്പോൾ നടപ്പാക്കുന്നത് ; | എ) | കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കുന്ന മലിനജല ശുദ്ധീകരണ പദ്ധതികൾ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കൊഴിക്കോട് എന്നീ നഗരസഭകളിലാണ് നടപ്പിലാക്കുന്നത്. |
| ബി) | ഈ പദ്ധതിക്കായി എത്ര തുക നഗരസഭകൾ ചെലവഴിച്ചു; എത്ര കിലോമീറ്റർ മലിനജല ശുദ്ധീകരണ പൈപ്പ് സ്ഥാപിച്ചു; ഈ വർഷം എത്ര കിലോമീറ്റർ പൈപ്പ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.; വ്യക്തമാക്കുമോ; | ബി) | ഇതുവരെ പ്രസ്തുത പദ്ധതികൾക്കായി തിരുവനന്തപുരത്ത് 75.48 കോടി രൂപയും, കൊല്ലത്ത് 6.51 കോടി രൂപയും കൊച്ചിയിൽ 2.83 കോടി രൂപയും കോഴിക്കോട് 10.3 കോടി രൂപയും ഇതിനകം ചെലവഴിച്ചിട്ടുണ്ട്.<br>തിരുവനന്തപുരത്ത് ആകെയുള്ള 31.5 കി.മീറ്റർ നീളം പൈപ്പുലൈൻ സ്ഥാപിക്കുന്നതിനുള്ള കരാർ നൽകി പണി ആരംഭഘട്ടത്തിലാണ്. കൊല്ലത്ത് പുതിയ 25 കി.മീ പൈപ്പ്ലൈനിന്റെ പണിയും ആരംഭഘട്ടത്തിലാണ്. കൊച്ചിയിൽ 56 കി.മീനീളം പൈപ്പ് സ്ഥാപിക്കുന്ന പണി ടെൻഡർ ചെയ്ത് പരിശോധന ഘട്ടത്തിലാണ്. കോഴിക്കോട് ആകെയുള്ള 65 കി. മീറ്റർ പൈപ്പിൽ നാലര കി. മീറ്റർ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു.<br>ഈ വർഷം ആകെ മേൽപറഞ്ഞ നാലു നഗരങ്ങളിലുമായി 80 കി. മീറ്റർ പൈപ്പ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| സി) | മലിന ജല ശുദ്ധീകരണ പൈപ്പുകൾക്ക് ഐ.എസ്.ഐ മുദ്ര നിർബന്ധമാക്കിയിട്ടുണ്ടോ; ഈ പൈപ്പുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ; ആർക്കാണ് ഇതിന്റെ ചുമതല വിശദമാക്കുമോ? | സി) | മലിനജല ശുദ്ധീകരണ പൈപ്പുകൾക്ക് ഐ.എസ്.ഐ മുദ്ര നിർബന്ധമാക്കിയിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റി കരാർപ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഗുണനിലവാര പരിശോധനകൾ യഥാവിധി നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൈപ്പുകളുടെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പുവരുത്തേണ്ട ചുമതല കേരള ജലഅതോറിറ്റിയിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ